# തൂലിക

Newsletter of
Jesus Youth
*Dubai*

Issue. 412
19 December 2014



‘‘നീ സ്ത്രീകളിൽ അനുഗൃഹീതയാണ്. നിൻെറ ഉദരഫലവും അനുഗൃഹീതം.
എൻെറ കർത്താവിൻെറ അമ്മ എൻെറ അടുത്തു വരാനുള്ള ഈ ഭാഗ്യം
എനിക്ക് എവിടെ നിന്ന്?’’ ലൂക്കാ 1;42,43

തൂലിക
ജീസസ്സ് യൂത്ത് ദുബായിയുടെ വാരാന്ത്യ വാർത്താ പത്രിക

# ഉള്ളടക്കം

| | |
|---|---|
| എഡിറ്റോറിയൽ | 3 |
| ക്രിസ്തുവാണ് ജീവിതത്തിന്റെ സന്തോഷം | 4 |
| വിശുദ്ധരുടെ ജീവിതങ്ങൾ | 6 |
| യുകാറ്റ് കോർണർ | 7 |
| ഹൃദിസ്ഥമാക്കാൻ ഒരു വചനം | 7 |
| കവിത | 8 |
| വാർത്തകൾ | 9 |
| അറിയിപ്പുകൾ | 10 |



http://thoolikaa.org

http://thoolikaa.net

**കർത്താവേ, ഞാൻ എന്നും അങ്ങയുടെ കാരുണ്യം പ്രകീർത്തിക്കും;**
**എൻെറ അധരങ്ങൾ തലമുറകളോട് അങ്ങയുടെ വിശ്വസ്തത പ്രഘോഷിക്കും.**
**എന്തെന്നാൽ, അങ്ങയുടെ കൃപ എന്നേക്കും നിലനിൽക്കുന്നു;**
**അങ്ങയുടെ വിശ്വസ്തത ആകാശം പോലെ സുസ്ഥിരമാണ്.**

സങ്കീർത്തനങ്ങൾ 89: 1,2

## മൊഴിമുത്തുകൾ

**മറിയത്തിന്റെ പ്രത്യുത്തരം... ചരിത്രത്തിലെ ഏറ്റവും പ്രധാനപ്പെട്ട വാക്കാണ്**

റൈനോഹൾഡ് ഷ്നൈഡർ
(ജർമ്മൻ എഴുത്തുകാരൻ)

# മറിയത്തെപ്പോലെ യേശുവിനെ സ്വീകരിക്കാം

ക്രിസ്തുമസ്സിന് ഇനി ഒരാഴ്ച മാത്രം ബാക്കി. നക്ഷത്രങ്ങളും പുൽക്കൂടുമെല്ലാം ഒരുക്കി ക്രിസ്തുമസ്സിനായി കാത്തു നിൽക്കുന്ന നാം നമ്മുടെ ഹൃദയങ്ങളെ ക്രിസ്തുവിനെ സ്വീകരിക്കുവാൻ തയ്യാറാക്കിയോ?

യേശുവിനെ ഗർഭം ധരിച്ച് പ്രസവിക്കുമെന്ന് മറിയത്തെ അറിയിച്ചപ്പോൾ മുതൽ അവിടുന്ന് ചെയ്ത കാര്യങ്ങളെന്തെന്ന് അന്വേഷിക്കുന്നത് നല്ലതായിരിക്കും. ഒരു കുഞ്ഞിനെ സ്വീകരിക്കുവാൻ മാതാവ് ഒരുങ്ങുന്നതിനെപ്പറ്റിയൊന്നും തന്നെ ബൈബിളിൽ പറയുന്നില്ല. എന്നാൽ താൻ ഗർഭം ധരിക്കുമെന്ന വാർത്തയോടൊപ്പം തന്റെ സ്വന്തക്കാരിയായ എലിസബേത്ത് ഗർഭിണിയായണെന്ന വിവരം കേട്ടപ്പോൾ മറിയം ചെയ്ത കാര്യങ്ങൾ വളരെ വിശദമായി പറഞ്ഞിട്ടുണ്ട്. നസറത്തിൽ നിന്നും ഏകദേശം 145 കിലോമീറ്ററോളം യാത്ര ചെയ്താലേ എലിസബത്ത് താമസിച്ചിരുന്ന എയിൻ കരീമിലേക്ക് എത്തിച്ചേരുവാൻ കഴിയൂ. വഴിയിലെ ദുർഘടങ്ങളും കഷ്ടപ്പാടുകളും ഒന്നും തന്നെ മറിയത്തെ പിന്നോട്ടു വലിച്ചില്ല. തന്നെക്കുറിച്ചല്ല, അവിടുന്ന് ചിന്തിച്ചത്. പ്രായമായ എലിസബേത്തിന് സഹായം ചെയ്യേണ്ടത് തന്റെ കടമയായി കണ്ടുകൊണ്ടാണ് അവിടുന്ന് അങ്ങോട്ടേയ്ക്ക് യാത്ര ചെയ്തത്.

ക്രിസ്തുവിനെ സ്വീകരിക്കുവാൻ തയ്യാറായാൽ, നമ്മുടെ ഹൃദയങ്ങളും മറിയത്തിന്റേതു പോലെയായിത്തീരണം. മറ്റുള്ളവർക്കായി നമ്മെക്കൊണ്ട് കഴിയുന്ന സഹായങ്ങൾ ചെയ്യേണ്ടത് നമ്മുടെ കടമയായി ആണ് നാം കരുതേണ്ടത്. മറിയം എലിസബത്തിനെ അഭിവാദനം ചെയ്തപ്പോൾ തന്നെ എലിസബത്തിന് മറിയം ദൈവകൃപയാൽ നിറഞ്ഞവളാണെന്ന് മനസ്സിലായി. നാമും മറ്റുള്ളവരെ അഭിവാദനം ചെയ്യുമ്പോൾ, അവർ നമ്മിലൂടെ ക്രിസ്തുവിനെയാണ് കാണേണ്ടത്.

ഈ പ്രാവശ്യത്തെ ക്രിസ്തുമസ്സിനായി ഒരുങ്ങുമ്പോൾ നമ്മുടെ പ്രാർത്ഥനകൾ ഇപ്രകാരമാകട്ടെ - ക്രിസ്തു നമ്മിൽ ജനിക്കുന്നതിനും, നമ്മിലൂടെ ക്രിസ്തുവിന്റെ സ്നേഹം മറ്റുള്ളവരിലേക്ക് പകർന്നു കൊടുക്കുവാനും കഴിയുന്ന വ്യക്തികളായി നമുക്കു മാറുന്നതിനും വേണ്ടി. ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.

സ്നേഹപൂർവ്വം...

**ആന്റിജോയ് ഒളാട്ടുപുറത്ത്**
97150-963-4017

പാപ്പാ ഫ്രാൻസീസ്



# ക്രിസ്തുവാണ് ജീവിതത്തിന്റെ സന്തോഷം

ക്രിസ്തുമസ്സിന് രണ്ടാഴ്ച കൂടെ ബാക്കിനില്ക്കെ, ആത്മീയമായ തയ്യാറെടുപ്പിലൂടെ രക്ഷകന്റെ വരവിന് ഒരുങ്ങുവാനാണ് വചനം നമ്മെ ക്ഷണിക്കുന്നത്. ക്രിസ്തുവിനെ സ്വീകരിക്കാൻ ആഗമനകാലം മൂന്നാം വാരത്തിലെ ആരാധനക്രമം നമ്മിൽനിന്നും ആവശ്യപ്പെടുന്നത്, സന്തോഷത്തിന്റെ ആന്തരിക മനോഭാവമാണ്. ക്രിസ്തുവിലുള്ള സന്തോഷമാണത്!

ക്രിസ്തുവുണ്ടെങ്കിൽ നമ്മുടെ ഭവനങ്ങളിൽ സന്തോഷമുണ്ട്. മനുഷ്യഹൃദയങ്ങൾ സന്തോഷത്തിനായി കേഴുകയാണ്. കുടുംബങ്ങളും, ജനതകളും സമൂഹങ്ങളും എല്ലാവരും യാഥാർത്ഥമായ സന്തോഷത്തിനായി ആഗ്രഹിക്കുന്നുണ്ട്. എന്നാൽ, ക്രൈസ്തവർ ജീവിക്കുവാനും സാക്ഷ്യ പ്പെടുത്തുവാനും വിളിക്കപ്പെട്ടിരിക്കുന്ന യഥാർത്ഥ സന്തോഷം എന്താണ്? ക്രൈസ്തവ ജീവിതത്തിലേയ്ക്കുള്ള ക്രിസ്തുവിന്റെ ആഗമനത്തിന്റെയും, അവിടുത്തെ സാമീപ്യത്തിന്റെയും അർത്ഥമെന്താണ്? തിരുപ്പിറവിയിലൂടെ സമൃദ്ധമായൊരു വിളയെടുപ്പിന്റെ വാഗ്ദാനമായി ദൈവ രാജ്യത്തിന്റെ വിത്ത് ക്രിസ്തുവിൽ നാമ്പെടുത്തിരിക്കുന്നു. സകല ലോകത്തിനും ശാശ്വതമായ സന്തോഷം പകരുവാനായി വന്നവനാണ് ക്രിസ്തു. അതിനാൽ നാം ഇനി മറ്റൊരിടത്തോ, മറ്റൊരാ ളിലോ അത് പരതി നടക്കേണ്ടതില്ല. മനുഷ്യരെ ഇന്നീ ഭൂമിയിൽ ദുഃഖിതരാക്കുകയും, നാളെ സ്വർഗ്ഗ രാജ്യത്തിൽ സന്തോഷിപ്പിക്കുകയും ചെയ്യുന്ന ഒരു കാത്തിരിപ്പിന്റെ, ഭാവിയിൽ നേടാൻ പോകുന്ന പറുദീസായുടെ സന്തോഷമല്ലിത്. മറിച്ച് ഇന്ന് ഇവിടെ, ജീവിതത്തിൽ നമുക്ക് കരഗതമാകുന്നതും അനുഭവവേദ്യമാകുന്നതുമായ ദൈവരാജ്യത്തിന്റെ ആനന്ദമാണ്. കാരണം ക്രിസ്തുവാണ് ആ സന്തോഷം.

നമ്മുടെ കുടുംബങ്ങളുടെ സന്തോഷം ക്രിസ്തുവായിരിക്കട്ടെ! ക്രിസ്തുവിൽ നമ്മുടെ ഭവനങ്ങൾ യഥാർത്ഥമായ ആനന്ദം കണ്ടെത്തട്ടെ!! നമ്മുടെ ഭവനങ്ങൾ ക്രിസ്തുവിൽ സന്തോഷിക്കട്ടെ. ഉത്ഥിനായ ക്രിസ്തു ഇന്നും നമ്മോടൊത്തു വസിക്കുന്നു. അവിടുന്നു ജീവിക്കുന്നു.

വചനത്തിലൂടെയും കൂദാശകളിലൂടെയും അവിടുന്നീ വിശ്വം മുഴുവൻ നിറഞ്ഞുനില്ക്കുന്നു. ജ്ഞാനസ്നാനം സ്വീകരിച്ചവർ, സ്നാപക യോഹന്നാനെപ്പോലെ, നമ്മിലെ ദൈവിക സാന്നിദ്ധ്യം അംഗീകരിക്കുവാനും അതു മറ്റുള്ളവരോട് പ്രഘോഷിക്കുവാനും വിളിക്കപ്പെട്ടവരാണ്. മാത്രമല്ല ദൈവിക സാന്നിദ്ധ്യ ത്തിലുള്ള വിശ്വാസം നഷ്ടപ്പെട്ടവരിൽ അത് പുനഃപ്രതിഷ്ഠിക്കുവാനും, അത് കണ്ടെത്തുവാൻ അവരെ സഹായിക്കുവാനും കടപ്പെട്ടവരാണ് ക്രൈസ്തവർ. ക്രിസ്തുവിലേയ്ക്ക് മറ്റുള്ളവരെ ആനയിക്കുക! നമ്മിലേയ്ക്കല്ല, ക്രിസ്തുവിലേയ്ക്ക്..., എന്നത് സ്നാപകൻ നമ്മെ പഠിപ്പിക്കുന്ന, നമുക്കു കാണിച്ചുതരുന്ന ശ്രേഷ്ഠമായ ദൗത്യമാണ്. മനുഷ്യഹൃദയങ്ങൾ പ്രാപിക്കേണ്ടതും ആസ്വദിക്കേണ്ടതുമായ യഥാർത്ഥ സന്തോഷവും സൗഭാഗ്യവും ക്രിസ്തുവാണ്.

ആനന്ദത്തിന്റെ പ്രവാചകരാകുന്നതിന് ആവശ്യമായ ഘടകങ്ങൾ പൗലോസ് അപ്പസ്തോലൻ തിരുവചനത്തിലൂടെ നമ്മെ പഠിപ്പിക്കുന്നു. എപ്പോഴും സന്തോഷിക്കുവിൻ. ഇടവിടാതെ പ്രാർത്ഥിക്കുവിൻ, എല്ലാകാര്യങ്ങളിലും ദൈവത്തിന് നന്ദി പ്രകാശിപ്പിക്കുവിൻ, ഇതാണ് ക്രിസ്തുവിൽ നിങ്ങളെ സംബന്ധിച്ചുള്ള ദൈവഹിതം. (1തെസ്സ. 5:17-22). ഇക്കാര്യങ്ങൾ നമ്മുടെ ജീവിത മാർഗ്ഗമാകുമെങ്കിൽ, സദ്വാർത്ത, ക്രിസ്തുവിന്റെ സുവിശേഷം നമ്മുടെ ഭവനങ്ങളിൽ യാഥാർത്ഥ്യമാകും, കുടുംബങ്ങൾ ക്രിസ്തുവിൽ രക്ഷ പ്രാപിക്കും, സന്തോഷിക്കും...

ജീവിത പ്രതിസന്ധികളും പ്രയാസങ്ങളും, അത് ഏറ്റവും കഠിനമായിരിക്കുമ്പോഴും, നേരിടുവാനുള്ള ശക്തിയും ആന്തരിക സമാധാനവും നമുക്ക് ക്രിസ്തുവിൽ കണ്ടെത്തുവാനാകും. മൃതസംസ്ക്കാരത്തിലെന്നപോലെ ദുഃഖിച്ചും വിഷാദഭാവരായും ജീവിക്കുന്ന വിശുദ്ധാന്മാക്കളെ നിങ്ങൾ കണ്ടിട്ടുണ്ടോ? ഒരിക്കലുമുണ്ടാവില്ല!! അതൊരു വിരോധാഭാസമായിരിക്കും! അതുപോലെ ഹൃദയത്തിൽ സമാധാനമുള്ളവനാണ് ക്രൈസ്തവർ. ജീവിതത്തിൽ പ്രതിസന്ധികളുണ്ടാകുമ്പോഴും കർത്താവിൽ പ്രത്യാശവെച്ചു മുന്നേറാൻ കരുത്തുള്ളവരാണ് ക്രൈസ്തവർ. വിശ്വാസിക്കുന്നവർക്ക് ജീവിതത്തിൽ പ്രശ്നങ്ങൾ ഇല്ലെന്നർത്ഥമില്ല. മറിച്ച് നാം ഒറ്റയ്ക്കല്ലെന്ന ഉറപ്പിൽ, അവയെല്ലാം നേരിടുവാനുള്ള കരുത്തും ആത്മവിശ്വാസവും അവർക്കുണ്ടാകുന്നു. ഇതാണ് ദൈവം തന്റെ മക്കൾക്ക് , തന്നിൽ വിശ്വസിക്കുന്നവർക്കു നല്കുന്ന പ്രതിസമാധാനം. ക്രിസ്തുമസ്സിന്റെ ഉമ്മറപ്പടിയിൽ നില്ക്കുമ്പോൾ, സഭ നമ്മെ ക്ഷണിക്കുകയാണ് ക്രിസ്തു പഴങ്കഥയല്ലെന്ന് പ്രഘോഷിക്കുവാൻ. മനുഷ്യരുടെ ജീവിത പാതകളെ ഇനിയും തെളിയിക്കുന്ന സത്യവചനമാണ്, നിത്യവചനമാണ്, തിരുവചനമാണ് ക്രിസ്തു. അവിടുത്തെ ഓരോ പ്രവൃത്തിയും, സ്ഥാപിച്ച കൂദാശകളും ദൈവപിതാവിന് മനുഷ്യരോടുള്ള ആർദ്രമായ സ്നേഹത്തിന്റെയും സാന്ത്വനത്തിന്റെയും പ്രതീകമാണ്.

നമ്മുടെ സന്തോഷത്തിന്റെ കാരണമായ പരിശുദ്ധ കന്യകാനാഥ ക്രിസ്തുവിൽ നമ്മെ ആനന്ദഭരിതരാക്കുകയും, ആന്തരീകവും ബാഹ്യവുമായ എല്ലാ ബന്ധനങ്ങളിൽ നിന്നും നമ്മെ സ്വതന്ത്രരാക്കുകും ചെയ്യട്ടെ.

# വിശുദ്ധ വിന്നിബാൾഡ്

(എട്ടാം നൂറ്റാണ്ട്)




വിശുദ്ധരുടെ കുടുംബത്തിലാണ് വിന്നിബാൾഡ് ജനിച്ചത്. സഹോദരങ്ങളായ വില്ലിബാൾഡും വാൾബുൾഗായും വിശുദ്ധ പദവി നേടിയവരാണ്. പിതാവ് റിച്ചാർഡ് രാജാവും വിശുദ്ധപദവി നേടി. വിശുദ്ധ ബോനിഫസിന്റെ ബന്ധുകൂടിയായിരുന്നു ഇദ്ദേഹം. എട്ടാം നൂറ്റാണ്ടിൽ ഇംഗ്ലണ്ടിൽ ജനിച്ച വിന്നി ബാൾഡ് സഹോദരങ്ങളായ വില്ലിബാൾഡിന്റെയും പിതാവിന്റെയുമൊപ്പം വിശുദ്ധ നാടുകളിലേയ്ക്ക് തീർത്ഥയാത്ര പോയി. റോമിലേയ്ക്കുള്ള യാത്രാമധ്യേ പിതാവ് മലേറിയ ബാധിച്ചു മരിച്ചു. വില്ലിബാൾഡിനേയും വിന്നിബാൾഡിനേയും രോഗം ബാധിച്ചു. വില്ലിബാൾഡ് രോഗത്തിൽ നിന്നു പെട്ടെന്നു രക്ഷനേടി. പക്ഷേ, വിന്നിബാൾഡിനു യാത്ര തുടരാനായില്ല. അദ്ദേഹം അവിടെ തന്നെ തുടർന്നു. ഏഴു വർഷക്കാലം. വിദ്യാഭ്യാസകാലവും അവിടെത്തന്നെയായിരുന്നു.

ബെനെഡിക്ടൻ സന്ന്യാസസഭയിൽ ചേർന്ന് പട്ടം സ്വീകരിച്ച വിന്നിബാൾഡ് വിശുദ്ധ ബോനിഫസിന്റെ നിർദേശപ്രകാരം ജർമനിയിലേക്ക് പോയി. ജർമനിയിലും ഹോളണ്ടിലും അക്കാലത്ത് അക്രൈസ്തവ മതങ്ങളായിരുന്നു നിലനിന്നിരുന്നത്. പ്രാചീന ആചാരങ്ങളും അനുഷ്ഠാനങ്ങളുമുള്ള അവരെല്ലാം വിഗ്രഹാരാധന, മനുഷ്യബലി തുടങ്ങിയവ ചെയ്തു പോന്നവരായിരുന്നു. ബോനിഫസിനോടൊപ്പം ചേർന്ന് വിന്നിബോൾ ഇവരിൽ നല്ലൊരു ശതമാനത്തെയും മാനസാന്തരപ്പെടുത്തി. ഹീഡെൻഹെയിം ആശ്രമത്തിന്റെ ചുമതല വഹിച്ചു. സഹോദരി വാൾബുൾഗായും ഈ സമയത്ത് എത്തി. ഇരുവരും ഒന്നിച്ചാണ് സുവിശേഷജോലികൾ ചെയ്തിരുന്നത്. നിരവധി പേരെ യേശുവിലേക്ക് ആകർഷിക്കാൻ ഇവർക്കു കഴിഞ്ഞു.

ജർമ്മനിയുടെ പല ഭാഗങ്ങളിലും ബോനിഫസ് ക്രൈസ്തവ ദൈവാലയങ്ങൾ നിർമ്മിച്ചു. അവിടെയെല്ലാം വിന്നിബാൾഡിന്റേയും വാൾബുർഗായുടെയും പിന്തുണയും സഹായവും അദ്ദേഹത്തിനുണ്ടായിരുന്നു. ഇവരെ സഹായിക്കാനായി പിന്നാലെ, ഇംഗ്ലണ്ടിൽ നിന്നും നിരവധി വൈദീകരും സന്ന്യാസിനികളും എത്തി. ജനങ്ങളിലേക്ക് ഇറങ്ങിചെന്ന് അവർക്കൊപ്പം ജീവിച്ച് അവരെ ക്രിസ്തുവിലേക്ക് നയിക്കുകയായിരുന്നു ഇവരുടെ രീതി. ജർമനിയിലെ ഹീഡെൻഹെയിമിൽ വെച്ചു തന്നെ രോഗബാധിതനായി അദ്ദേഹം മരിച്ചു.

**പ്രാർത്ഥന:**

എന്റെ യേശുവേ, ഇതാ, എന്റെ വഴികൾ അടയുന്നു. മുന്നോട്ടു നീങ്ങാനാവാതെ ഞാനിതാ തളർന്നു വീഴുന്നു. എന്നെ താങ്ങേണമേ... എന്റെ മാർഗവും നീ കാണിച്ചു തരേണമേ... എന്നെ വഴി നടത്തേണമേ... മറ്റാരിലും എനിക്ക് ആശ്രയിക്കാനില്ല. രോഗികളിലും പാവപ്പെട്ടവരിലും അങ്ങയെ കണ്ട് അവരെ സഹായിക്കുവാൻ എനിക്കു കരുത്തേകണമേ... ആമേൻ




**95) യേശു യഹൂദരുടെ പെസഹാതിരുന്നാളിന്റെ തിയ്യതി തന്റെ മരണത്തിന്റേയും ഉത്ഥാനത്തിന്റേയും തിയ്യതിയായി നിശ്ചയിച്ചത് എന്തുകൊണ്ട്?**

**തന്റെ മരണത്തിലൂടെയും ഉത്ഥാനത്തിലൂടെയും സംഭവിക്കാനിരിക്കുന്നതിന്റെ പ്രതീകമായി തന്റെ ജനമായി ഇസ്രായേലിന്റെ പെസഹാതിരുന്നാൾ യേശു തിരഞ്ഞെടുത്തു. ഇസ്രായേൽ ജനം ഈജിപ്തിലെ അടിമത്തത്തിൽ നിന്ന് സ്വതന്ത്രരാക്കപ്പെട്ടപോലെ ക്രിസ്തു നമ്മെ പാപത്തിന്റെ അടിമത്തത്തിൽ നിന്നും മരണത്തിന്റെ ശക്തിയിൽ നിന്നും സ്വതന്ത്രരാക്കുന്നു.**

ഈജിപ്തിലെ അടിമത്തത്തിൽ നിന്ന് ഇസ്രായേൽ ജനത്തിനുണ്ടായ വിമോചനത്തിന്റെ ആഘോഷമായിരുന്നു പെസഹാതിരുന്നാൾ. നമ്മെ കൂടുതൽ അഗാധമായ വിധത്തിൽ സ്വതന്ത്രരാക്കാൻ യേശു ജെറുസലേമിലേക്കു പോയി. അവിടന്ന് തന്റെ ശിഷ്യന്മരോടൊപ്പം പെസഹാതിരുന്നാൾ ആഘോഷിച്ചു. ഈ തിരുനാളിൽ യേശു തന്നതന്നെ ബലിക്കുള്ള ആട്ടിൻകുട്ടിയാക്കി. **‘ എന്തെന്നാൽ നമ്മുടെ പെസഹാകുഞ്ഞാടായ ക്രിസ്തു ബലിയർപ്പിക്കപ്പെട്ടിരിക്കുന്നു.’** (1 കോറി.5:7) ദൈവവും മനുഷ്യനും തമ്മിലുള്ള സുനിശ്ചിതമായ അനുരഞ്ജനം എന്നേയ്ക്കുമായി സ്ഥാപിക്കുന്നതിനാണത് .

# തിരുവചനയാത്ര

**ജീസസ്സ് യൂത്തിന്റെ ആഭിമുഖ്യത്തിൽ തിരുവചനയാത്ര സംഘടിപ്പിക്കുന്നു.**



Starting time 31.12.14 - 2 pm onwards
Location- Room number 419, 4th Floor, A Block
Al Naser Plaza Bulding,
**beside Oud Mehtha Metro station.**
For more details
Sibi-050 9180121, Liju 055 8939059,
Jojeesh -055 6370222

## ഹൃദിസ്ഥമാക്കാൻ ഒരു വചനം

**ദൈവത്തിന് ഒന്നും അസാധ്യമല്ല.**

ലൂക്ക 1:37

കവിത

# കാഴ്ച

ജോസഫ് പുലിക്കോട്ടിൽ

### ഒന്ന്

കാലിത്തൊഴുത്ത്,
ഒരു പാൽ പുഞ്ചിരി,
ഒരമ്മയുടെ സ്നേഹം,
ഒരു പിതാവിന്റെ കരുതൽ,
കണ്ണുതുറന്ന് ഒരു താരകം,
സ്തുതി കീർത്തനം.
ഇരുളകന്ന് ഇടയർ,
പൊന്നും മീറയും
കുന്തിരിക്കവും,
രാപ്പകുതിയിലെ ദർശനം,
അകലേക്ക് വഴിനടത്തം.
ഇത് നേരിന്റെ കാഴ്ച !





### രണ്ട്

സ്വാർത്ഥം പിടയുന്നു,
ചോരയൊഴുകുന്നു,
വിലാപങ്ങളുയരുന്നു,
കിളിപാട്ടുകൾ നിലയ്ക്കുന്നു,
നഷ്ടസ്വപ്നങ്ങൾ.
ഇത് ക്രൂരമാം കാഴ്ച !!

### മൂന്ന്

ആത്മ നിറവ്–വിഷ
വൃക്ഷവേരുകൾ മുറിയുന്നു,
തപ്തഹൃദയങ്ങൾ,
ബലികാഴ്ചകൾ.
കണ്ണ് കാണുന്നു,
കാത് കേൾക്കുന്നു,
നാവനക്കുന്നു,
ചലനമറ്റത് തുടിക്കുന്നു.
ഒരു പുഞ്ചിരി,
കണ്ണ് തുറന്ന് ഒരു താരകം,
സ്നേഹസാന്ത്വനം.
മഞ്ഞ് കുളിരായ് മനുഷ്യപുത്രൻ.
ഇത് സ്നേഹത്തിന്റെ കാഴ്ച !!!



## സമർപ്പിതരുടെ വർഷാചരണത്തിന് പി.ഒ.സി.യിലൊരു തുടക്കം



ഡിസംബർ 10-ാം തിയതി ബുധനാഴ്ച രാവിലെയായിരുന്നു കേരളസഭയുടെ പി.ഒ.സി.യിലെ കാര്യാലയത്തിൽ പ്രാദേശിക സഭയിലെ മൂന്നു റീത്തുകളിലുമുള്ള സന്ന്യസ്തരുടെ വർഷാ ചരണത്തിന് പ്രത്യേക തുടക്കം കുറിച്ചത്. കേരളത്തിലെ മൂന്നു റീത്തുകളിലെയും മെത്രാന്മാരുടെ സാന്നിദ്ധ്യത്തിൽ, സന്ന്യാസസഭകളുടെ ജനറൽപ്രവിൻഷ്യൽ സുപ്പീരിയേഴ്സിന്റെ സംയുക്തസമ്മേളനത്തിൽ സീറോമലബാർ സഭയുടെ അദ്ധ്യക്ഷൻ കർദ്ദിനാൾ മാർ ജോർജ്ജ് ആലഞ്ചേരി സമർപ്പിതരുടെ വർഷം ഉത്ഘാടനം ചെയ്തു. നവംബർ 30-ാം തിയതി, ആഗമനകാലത്തിലെ ആദ്യവാരത്തിൽ വത്തിക്കാനിൽ തുടക്കമിട്ട സന്ന്യസ്തരുടെ വർഷാ ചരണത്തിന്റെ ചുവടുപിടിച്ചാണ് കേരളത്തിലെ മെത്രാൻ സമിതിയുടെ ആഭിമുഖ്യത്തിൽ സന്ന്യസ്തരുടെ വർഷത്തിന് കേരളസഭയിൽ തുടക്കമിടുന്നതെന്ന് കർദ്ദിനാൾ ആലഞ്ചേരി ഉദ്ഘാടനച്ചടങ്ങിൽ പരാമർശിച്ചു. കേരളത്തിനും ഭാരതത്തിനും മാത്രമല്ല, ലോകമെമ്പാടും നിറഞ്ഞുനില്ക്കുന്ന കേരളത്തിലെ സന്ന്യസ്തരുടെ സമർപ്പണ സാന്നിദ്ധ്യത്തെ ബലപ്പെടുത്തുന്ന വർഷമാവട്ടെ, 2016 ഫെബ്രുവരി 2-ാം തിയതിയിലെ സമർപ്പണ തിരുനാൾ വരെ നീണ്ടുനില്ക്കുന്ന സന്ന്യസ്ത വർഷാചരണമെന്ന് കർദ്ദിനാൾ ആലഞ്ചേരി ആശംസിച്ചു. കേരള കത്തോലിക്കാ സഭയിലെ മെത്രാന്മാരും സന്ന്യാസസഭാ സമൂഹങ്ങളിലെ ജനറൽമാരും പ്രവിഷ്യൽമാരും അല്മായ പ്രതിനിധി കളുമായി 400ലേറെപ്പേർ സമ്മേളനത്തിൽ പങ്കെടുത്തതായി, പി.ഒ.സി ഡയറക്ടർ ഫാദർ വർഗീസ് വള്ളിക്കാട്ട് അറിയിച്ചു.

## ക്രിസ്തുമസ്സ് പ്രോഗ്രാം തൂലികാ വെബ്സൈറ്റിൽ (www.thoolikaa.net)

ലിറ്ററേച്ചർ ആന്റ് മീഡിയാ മിനിസ്ട്രിയുടെ ഭാഗമായ തൂലികയുടെ വെബ്സൈറ്റിൽ നിന്നും നിങ്ങളുടെ പ്രിയപ്പെട്ട ടി.വി. പ്രോഗ്രാമുകൾ കാണുവാൻ സാധിക്കും. വത്തിക്കാന്റെ സി.ടി.വി. യുടെയും, മലയാളികളുടെ പ്രിയപ്പെട്ട ചാനലുകളായ ശാലോം ടിവി, ഡിവൈൻ ടിവി, കുട്ടികൾക്കു വേണ്ടിയുള്ള ആനിമേഷൻ ചാനലായ കിൻഡർ ടിവി എന്നിവയുടെ ലൈവ് ചാനലുകൾ നിങ്ങൾക്ക് ഈ വെബ്സൈറ്റിൽ നിന്നും കാണുവാൻ കഴിയും. ഡിസംബർ 24 ന് രാത്രിയിലെ പോപ്പ് ഫ്രാൻസിസ് അർപ്പിക്കുന്ന ക്രിസ്തുമസ്സ് ദിവ്യബലിയും ഡിസംബർ 31 ലെ ന്യൂ ഇയർ ദിവ്യബലിയും സി.ടിവിയിലൂടെ കാണാവുന്നതാണ്.

കുട്ടികൾക്കായുള്ള കാർട്ടൂൺ വീഡിയോകളും വെബ്സൈറ്റിൽ ലഭ്യമാണ്. നിങ്ങളുടെ സുഹൃത്തുക്കളോടും ബന്ധുക്കളോടും ഈ വിവരം അറിയിക്കുമല്ലോ.

## ആശംസകൾ

ജന്മദിനമാഘോഷിക്കുന്ന ഷാജു എം.സി. (ഡിസംബർ 20), മിലുമോൻ (21), ഷീന വർഗ്ഗീസ്, സോണി സൈമൻ (22), അബിൻ ജെയിംസ് (24), ലിജോ മാത്യു (25)എന്നിവർക്ക് എല്ലാ വിധ ആശംസകളും പ്രാർത്ഥനകളും നേർന്നുകൊള്ളുന്നു.

## ക്രിസ്തുമസ്സ് കരോൾ

ജീസ്സസ് യൂത്ത് ഔട് റീച്ച് മിനിസ്ട്രിയുടെ നേതൃത്വത്തിൽ അൽ കൂസ്സ്, സോനാപൂർ എന്നിവടങ്ങളിൽ കരോൾ സംഘടിപ്പിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക്, സോനാപൂർ- സണ്ണി 055 6303115, അൽ കൂസ്സ് - സിനു 055 8851368, ഷാജു മാഞ്ഞൂരാൻ 055 836 8137, ജോസ് 055 741 2601

## ക്രിസ്തുമസ്സ് ആഘോഷം

ജീസസ്സ് യൂത്തിന്റെ (മലയാളം) ടീമിന്റെ ക്രിസ്തുമസ്സ് ആഘോഷങ്ങൾ ഡിസംബർ 26 ന് നടക്കുന്നു. സമയവും സ്ഥലവും നിങ്ങളെ അറിയിക്കുന്നതാണ്. എല്ലാവരും പങ്കെടുക്കുക.

## പാരീഷ് ഫെസ്റ്റ് 2015

പാരീഷ് ഫെസ്റ്റ് 2015 ജനുവരി 8, 9 തിയതികളിൽ നടത്തപ്പെടുന്നു. ജീസ്സസ് യൂത്ത് നടത്തുന്ന ഗെയിമുകളിലേക്കും കൗണ്ടറുകളിലേക്കും വളണ്ടിയർമാരാകുവാൻ താത്പര്യപ്പെടുന്നു. ആഗ്രഹമുള്ളവർ നിഖിൽ 055 7854397, റെമിൻ 055 3023581, ഷാഫി 055 2857170 എന്നിവരുമായി ബന്ധപ്പെടുക

## ഇ-മെയിൽ

ജീസസ്സ് യൂത്ത് ഗ്രൂപ്പിൽ നിന്നുമുള്ള അറിയിപ്പുകളും ജോലി സംബന്ധമായ ഒഴിവുകളെ ക്കുറിച്ചും അറിയുന്നതിന് നിങ്ങളുടെ ഇമെയിൽ അഡ്രസ്സ് **dubaijy@gmail.com** എന്നതിലേക്ക് അയക്കുക.

## ഓൺലൈൻ ക്വിസ്സ് (ബീറ്റാ)

തൂലികയുടെ വെബ്സൈറ്റിൽ ഓൺലൈൻ ക്വിസ്സ് പ്രോഗ്രാം പരീക്ഷണാടിസ്ഥാനത്തിൽ ലഭ്യമാണ്. രജിസ്ട്രേഷൻ വളരെ എളുപ്പത്തിൽ നടത്തി ക്വിസ്സിൽ പങ്കെടുക്കാം.

## തൂലിക ഓൺലൈനിൽ

തൂലികയുടെ പതിപ്പുകൾ ഓൺലൈനിൽ ലഭ്യമാണ്. പി.ഡി.എഫ്. കോപ്പി വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്യാവുന്നതാണ്. ഓരോ ആഴ്ചയും തൂലിക പുറത്തിറങ്ങുമ്പോൾ നിങ്ങളുടെ ഈ മെയിലിൽ ലിങ്ക് ലഭിക്കുവാൻ പേരും ഇമെയിലും വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്യുക.

English Mass Timings
**St. Mary's Church, Dubai**

**Friday**: 6:00 am, 7:15 am, 9:00 am, 10:15 am (Children's) 3:30 pm (children's catechism), 4:45 pm, 6:15 pm

**Saturday**: 6:00 am, 6:45 am, 9:00 am, 12 noon, 5:00 pm, 7:30 pm (Sunday obligation)

**Sunday**: 6:00 am, 6:45 am, 9:00 am, 12 noon, 4:30 pm, 6:00 pm & 7:30 pm

**Weekdays (Mon-Thu)**: 6:00 am, 6:45 am, 12 noon & 7:00 pm

## ദിവ്യബലി സമയം – മലയാളം

സെന്റ് മേരീസ് ദേവാലയം – ദുബൈ

- എല്ലാ വെള്ളിയാഴ്ചയും ഉച്ചയ്ക്കു ശേഷം **2** മണിക്ക്
- ഒന്നും മൂന്നും വ്യാഴാഴ്ചകളിൽ വൈകുന്നേരം **8** മണിക്ക്
- നാലാമത്തെ ബുധനാഴ്ച വൈകുന്നേരം **8** മണിക്ക്
- **മലങ്കര റീത്തിൽ**: എല്ലാ വെള്ളിയാഴ്ചയും രാത്രി 7:30 ന് ( മിനി ഹാൾ)

## ജീസസ്സ് യൂത്ത് – ദുബൈ

- **എല്ലാ വെള്ളിയാഴ്ചയും** (ആദ്യ വെള്ളി ഒഴികെ) – രണ്ടുമണിയുടെ ദിവ്യബലിക്കു ശേഷം (റൂം നമ്പർ 6–ൽ).
- **മധ്യസ്ഥപ്രാർത്ഥന**: എല്ലാ ചൊവ്വാഴ്ചയും വൈകുന്നേരം 8:30 മുതൽ 9:30 വരെ (റൂം നമ്പർ 4–ൽ).
- **നൈറ്റ് വിജിൽ** – മാസത്തിന്റെ ആദ്യ വ്യാഴാഴ്ചകളിൽ.
- **JY ഫാമിലി** – മാസത്തിന്റെ മൂന്നാമത്തെ വെള്ളിയാഴ്ചകളിൽ വൈകുന്നേരം 5:00 മുതൽ ജെ. വൈ. ഹോമിൽ വെച്ച്.
- **JY ടീൻസ്** – എല്ലാ വെള്ളിയാഴ്ചയും (ആദ്യ വെള്ളി ഒഴികെ) ഉച്ചക്ക് 12 മുതൽ 2 വരെ റൂം നമ്പർ 4 ൽ വെച്ച്.
- **JY English**: 7:00 മുതൽ 9:00 (Saturdays)

# ജീസസ്സ് യൂത്ത് ഫാമിലി

- **J.Y. ഹോം. റാഷിദിയ**
  ഡാൽട്ടൺ & സ്മിന 055 4523032
- **അൽ നാഹ്ദ സോണൽ**
  സെബാസ്റ്റ്യൻ & ലിജിയ 050–3986934

## കരിസ്മാറ്റിക് പ്രാർത്ഥനാ സമയം

- **ഉപവാസ പ്രാർത്ഥന** – ആദ്യ വെള്ളിയാഴ്ച (രാവിലെ 10:30 മുതൽ 1:30 വരെ), ക്രിസ്റ്റീൻ (രാവിലെ 10:30 മുതൽ 1:30 വരെ)
- **എല്ലാ തിങ്കളാഴ്ചയും** – വൈകുന്നേരം 7:30 മുതൽ 9:00 വരെ
- **മധ്യസ്ഥപ്രാർത്ഥന** – എല്ലാ വെള്ളിയാഴ്ചയും (ആദ്യ വെള്ളി ഒഴികെ) രാവിലെ 8:30 മുതൽ 11:00 വരെ (റൂം നമ്പർ 4 –ൽ)

## സോണൽ കൂട്ടായ്മകൾ

- **കരാമ** – ജോർജ്ജ് (050–8872480)
- **ബർദുബായ്** – ബോബൻ (055–2179148)
- **ലുലു വില്ലേജ്** – അരുൺ (052–7308025)
- **അൽ നാഹ്ദ** – ഷെറിൻ (052–7509024)
- **ഖിസൈസ്** – ടോളി ആന്റണി (055 5507213)
- **സോനാപൂർ** – പ്രവീൺ (055–3604834)
- **അൽഖൂസ് (1 )** – ജോസ് (055–7412601)
- ***അൽഖൂസ് (2)*** – *ആൻസൺ (055–1448536)*
- ***അൽഖൂസ് (3)*** – *ഷിനോ (055–1742790)*
- ***അൽഖൂസ് (4)*** – *സോണി (056–9334565)*
- ***അൽഖൂസ് (5)*** – *ജോസ് (055–7412601)*
- **മുത്തീന** –ബിനോജ് ജോസഫ് (050–2538130)
- **അൽ ബറാഹ** –ടോജോ (055–8585125)
- **സത്വാ** –നിതിൻ (052–9160682)
- **ഹോർഅൽആൻസ്** –വിൻസൺ(055–4250709)
- **ഇന്റർനാഷണൽ സിറ്റി** – ഷിബിൻ (055–4673383)
- **സിലികോൺ ഒയാസീസ്** –ജോമി (055–4673383)


***for private circulation (within the church compound) only***

***Thoolika** - Weekly newsletter of Dubai Jesus Youth.*
***Published by**: Vipin Raphael (050-1631622) for Literature & Media Ministry of Jesus Youth, Dubai*
***Patron**: Rev. Fr. Seraphin OFM Cap. **Animator**: Shaji Joseph*
***Editor**: Antijoy Olattupurath (050-9634017) **Cover**: Liju Chandy*
***E-mail**: thoolikaa@gmail.com **Web:** http://thoolikaa.org & http://thoolikaa.net*

"The Lord put it clearly:
you cannot serve two masters.
You have to choose between
God and money."

- POPE FRANCIS -

TWITTER @PONTIFEX

Jesus Youth
DUBAI

FOR PRIVATE CIRCULATION (WITHIN THE CHURCH COMPUND) ONLY